## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3583 — 15.03.2018-ലെ മറുപടിയ്ക്ക്

## സൈക്ലിംഗ് സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നെയ്യാറ്റിൻകര ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സൈക്ലിംഗ് സ്റ്റേഡിയം പണിയുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സ്പോർട്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) & (ബി) | പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാനത്ത് കായിക വകുപ്പിന്റെ കീഴിൽ എത്ര സ്ഥലത്താണ് സൈക്ലിംഗ് സ്റ്റേഡിയം ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലില്ല |
| (ഡി) | സൈക്ലിംഗുമായി ബന്ധപ്പെട്ട് നിലവിൽ എവിടെയാണ് പരിശീലനം നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | സൈക്ലിംഗുമായി ബന്ധപ്പെട്ട് ഇപ്പോൾ സായ്.എൽ.എൻ.സി.പി.ഇയുടെ സൈക്ലിംഗ് വെലോഡ്രോമിലാണ് പരിശീലനം നടക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | സൈക്ലിംഗ് ചാമ്പ്യൻഷിപ്പുമായി ബന്ധപ്പെട്ട് കേരളതാരങ്ങൾക്ക് ഏതൊക്കെ തരത്തിൽ രാജ്യാന്തര നിലവാരത്തിൽ മുന്നിൽ വരാൻ കഴിഞ്ഞിട്ടുണ്ട്; ഏതൊക്കെ വർഷങ്ങളിൽ എന്ന് വ്യക്തമാക്കാമോ? | (ഇ) | **2011-12** – <br> പ്രിൻസ് എച്ച്.എസ്.ഹൈലം, മഹിത മോഹൻ, രജനി.വി, പാർവ്വതി.വി.ജി, ദീപ ചന്ദ്രൻ, കെസിയ വർഗ്ഗീസ്, സയോണ.പി.ഒ, എന്നിവർ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. <br> **2014-15** – <br> മഹിതാ മോഹൻ, പാർവ്വതി.വി.ജി, കെസിയ വർഗ്ഗീസ്, അലൻ ബേബി എന്നിവർ 2014 മെയ് മാസം കസാഖിസ്ഥാനിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുകയുണ്ടായി. <br> മഹിതാ മോഹൻ, കെസിയ വർഗ്ഗീസ്, അലൻ ബേബി എന്നിവർ 2014 ജൂലൈയിൽ ഗ്ലാസ്ഗോയിൽ വെച്ച നടന്ന കോമൺ വെൽത്ത് ഗെയിംസിൽ പങ്കെടുക്കുകയുണ്ടായി. <br> കെസിയ വർഗ്ഗീസ് 2014 സെപ്തംബർ മാസം ഇഞ്ചിയോണിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുകയുണ്ടായി. <br> 2014 ഒക്ടോബർ മാസം ന്യൂ ഡൽഹിയിൽ വെച്ച് നടന്ന ഏഷ്യൻ കപ്പ് ചാമ്പ്യൻഷിപ്പിൽ പാർവ്വതി.വി.ജി പോയിന്റ് റെയ്സ് ബ്രോൺസ് മൂന്നാം സ്ഥാനവും, കെസിയ വർഗ്ഗീസ് ടീ സ്പ്രിന്റ് ഗോൾഡ് ഇനത്തിൽ ഒന്നാം സ്ഥാനവും, Individual Sprint സിൽവർ ഇനത്തിൽ രണ്ടാം സ്ഥാനവും, സോനാരാജ് ബ്രോൺസ് മെഡൽ ഇൻ ടൈം ട്രയൽ, ഇൻഡിവിഡ്വൽ പർസ്യൂട്ട് & സ്പ്രിന്റ് ഇനത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. <br> 2014 നവംബർ മാസം മെക്സിക്കോയിൽ വച്ച് നടന്ന ലോക കപ്പ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ് പങ്കെടുക്കുകയുണ്ടായി. <br> 2014 ഒക്ടോബർ മാസം തായ്ലാന്റിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ് രണ്ടാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. <br> 2015 ജനുവരി മാസം ഇന്തോനേഷ്യയിൽ വച്ച് നടന്ന ഏഷ്യൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ്, നയന രാജേഷ്, ഗോപിക.എസ്.പ്രതാപൻ എന്നിവർ പങ്കെടുക്കുകയുണ്ടായി. <br> **2015-16** <br> 2015 നവംബർ 18 മുതൽ 20 വരെ ന്യൂ |

| | | | |
|---|---|---|---|
| | | | ഡൽഹിയിൽ വെച്ച് നടന്ന ട്രാക്ക് ഏഷ്യാ കപ്പ് മത്സരങ്ങളിൽ കെസിയ വർഗ്ഗീസ് വെള്ളി, അമൃത രഘുനാഥ്.ജി- സ്വർണ്ണം, നയന രാജേഷ് 2 സ്വർണ്ണമെഡൽ കരസ്ഥമാക്കുകയുണ്ടായി.<br>2016 ഫെബ്രുവരി 6 മുതൽ 9 വരെ ഗുഹാട്ടിയിൽ വച്ച് നടന്ന 12-ാമത് സൗത്ത് ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ലിഡിയ മോൾ.എം.സണ്ണി-1 സ്വർണ്ണം, 1 വെള്ളി, ഗീതു രാജ്.എൻ -1 വെങ്കല മെഡലും കരസ്ഥമാക്കുകയുണ്ടായി.<br>2016 ജനുവരിയിൽ ജപ്പാനിൽ വച്ച് നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ കെസിയ വർഗ്ഗീസ്, നയന രാജേഷ്, സന്നുജ രാജ്.ജി എന്നിവർ പങ്കെടുക്കുകയുണ്ടായി.<br>2015 ഒക്ടോബറിൽ തായ്ലാന്റിൽ വച്ച് നടന്ന ട്രാക്ക് ഏഷ്യാ കപ്പ് മത്സരത്തിൽ നയന രാജേഷ്, സനുരാജ്.ജി എന്നിവർ പങ്കെടുക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**